I/208824/2024

ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആവഡ- ജീവനക്കാര്യം- സ്പെഷ്യാലിറ്റി കേഡർ- ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറായ ഡോ. വൃന്ദ.കെ.എസ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുമ്പാകെ ഫയൽ ചെയ്ത OA.NO.510/2024 നമ്പർ കേസിൻ മേലുള്ള 19/3/2024 ലെ വിധിന്യായം- അനുപാലന ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണലിന്റെ 19/3/2024 ലെ OA-NO 510/2024 നമ്പർ കേസിൻമേലുള്ള വിധിന്യായം

**<u>ഉത്തരവ് നം :DHS/7947/2024-EB3 തിയതി : 14-05-2024</u>**

തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയിലെ ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. വൃന്ദ.കെ.എസ് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബൂണൽ മുൻപാകെ ഫയൽ ചെയ്ത OA-No.510/2024 നമ്പർ കേസിലെ 19/3/2024 ലെ വിധിന്യായത്തിൽ കൊല്ലം ജില്ലയിൽ ജൂനിയർ കൺസൾട്ടൻറ് (Obstetrics & Gynecology) തസ്തികയിൽ നിലവിലെ ഒഴിവ് നികത്തുന്നതിന് മുമ്പായി അപേക്ഷകയുടെ ടി കേസിലെ അനുബന്ധം A2,A3 പ്രകാരമുള്ള നിവേദനം പരിഗണിച്ചു ഉത്തരവ് പുറപ്പെടുവിക്കണമെന്നു ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. തന്റെ കുട്ടികളുടെ ചെറുപ്രായവും , മാതാപിതാക്കളുടെ അവശതയും, ട്രീറ്റുമെന്റും കണക്കിലെടുത്ത് കംപാഷനേറ്റ് ഗ്രൗണ്ടിൽ കൊല്ലം ജില്ലയിലേക്കു ട്രാൻസ്ഫർ നൽകുകയോ, കൊട്ടാരക്കര താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ്

ഹോസ്പ്പിറ്റലിലേക്ക് വർക്ക് അറെയിഞ്ച്മെന്റ് നൽകുകയോ ചെയ്യണമെന്നാണ് അനുബന്ധം A2 ഹർജിയിലെ ആവശ്യം. ഉടൻ ഒരു ഒഴിവു വരുന്നതിനാൽ കൊല്ലം (വിക്ടോറിയ) സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലേക്ക് സ്ഥലം മാറ്റം നൽകണമെന്നാണ് അനുബന്ധം A3 യിലെ ആവശ്യം.

3. ബഹു: ട്രിബ്യുണലിന്റെ വിധിന്യായതിന്റെ അടിസ്ഥാനത്തിൽ അനുബന്ധം A2,A3 ഹർജികൾ വിശദമായി പരിശോധിച്ചു. 22/09/2008 ൽ അസിസ്റ്റൻറ് സർജൻ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ഡോ. വൃന്ദ.കെ.എസ് 28/08/2011 മുതൽ 17/11/2023 വരെ കൊല്ലം ജില്ലയിലാണ് സേവനമനുഷ്ഠിച്ചിരുന്നത്. ടിയാൾക്ക് ഗൈനക്കോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറ് തസ്തികയിൽ പ്ലേസ്മെൻറ് നൽകിയതിനെ തുടർന്ന് 20/11/2023-ൽ മാത്രമാണ് തൃശ്ശൂർ വടക്കാഞ്ചേരി ജില്ലാ ആശുപത്രിയി ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനു പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ട് 25/02/2017 ലെ സ.ഉ (പി) നം. 3/2017/ഉഭപവ പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിൽ 2024 ലെ പൊതു സ്ഥലം മാറ്റത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. കൊല്ലം ജില്ലയിൽ ജൂനിയർ കൺസൾട്ടന്റ് (Obstetrics & Gynecology) തസ്തികയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ടുകൊണ്ട് ഡോ. കെ.എസ്.വൃന്ദയെക്കാൾ സീനിയർ ആയവർ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൃശൂർ ജില്ലാ ആശുപത്രിയിൽ ജോലിയിൽ പ്രവേശിച്ചിട്ട് അഞ്ചുമാസം മാത്രം സേവനദൈർഘ്യമുള്ള ഡോ. വൃന്ദ.കെ.എസ് നെ പൊതുസ്ഥലങ്ങൾക്കുള്ള മാനദണ്ഡപ്രകാരം പരിഗണിക്കാൻ കഴിയില്ല. കൂടാതെ ടിയാൾ അനുകമ്പാർഹമായി പരിഗണിക്കണമെന്ന് പ്രതിപാദിച്ചിരിക്കുന്ന കാര്യങ്ങൾ 25.02.2017 ലെ സ.ഉ (പി) നം. 3 /2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പ്രത്യേക മുൻഗണന അർഹിക്കുന്ന ഗണത്തിൽപ്പെടുന്നതല്ല. തുടർച്ചയായി കൊല്ലം ജില്ലയിൽ ജോലി ചെയ്യുന്നതിന് അനുവദിക്കും വിധം വർക്ക് അറയിഞ്ചുമെന്റും നൽകുന്നത് ഉചിതമാണെന്നു കാണുന്നില്ല. അപ്രകാരം ചെയ്യുന്നത് അർഹരായവരുടെ അവകാശത്തെ

ബാധിക്കും.

4. ആയതിനാൽ ഡോ. വൃന്ദ.കെ.എസ് സമർപ്പിച്ച അനുബന്ധം A2, A3 ഹർജികളിലെ ആവശ്യം അനുവദിക്കുവാൻ കഴിയില്ല. ആയതുകൾ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ഇപ്രകാരം ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 19/3/2024 ലെ OA-No. 510/2024 നമ്പർ പ്രകാരമുള്ള വിധിന്യായം അനുപാലിച്ച് ഉത്തരവാകുന്നു.

Signed by
Dr Reena K J
Date: 14-05-2024 17:33:23

ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്: ഡോ. വൃന്ദ.കെ.എസ്,
ജൂനിയർ കൺസൾട്ടന്റ്,
ജില്ലാ ആശുപത്രി,തൃശ്ശൂർ

പകർപ്പ് :
1. അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (എ & ഇ ), കേരള, തിരുവനന്തപുരം
3. ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർമാർ
4.ബന്ധപ്പെട്ട സ്ഥാപന മേധാവികൾ
5.ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്